**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - ബാലുശ്ശേരി നിയോജകമണ്ഡലം - പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ശുചിത്വ പദ്ധതിയ്ക്കായി പിക്കപ്പ് വാഹനം വാങ്ങുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

സ.ഉ.(സാധാ.)നം.10040/2018/ധന. തിരുവനന്തപുരം, 6/12/2018.

---

പരാമർശം : 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.

2) ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ ബഹു. ധനകാര്യ മന്ത്രിയ്ക്ക് 28/11/2018 ന് നൽകിയ കത്ത്

## <u>ഉത്തരവ്</u>

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ശുചിത്വ പദ്ധതിയ്ക്കായി ഹരിത കർമ്മസേന പ്രവർത്തനത്തിന് ഒരു ടൺ കപ്പാസിറ്റിയുള്ള ഒരു പിക്കപ്പ് വാഹനം വാങ്ങുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും 5,50,000/- രൂപ (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ശുചിത്വ പദ്ധതിയ്ക്കായി ഹരിത കർമ്മസേന പ്രവർത്തനത്തിന് ഒരു ടൺ കപ്പാസിറ്റിയുള്ള ഒരു പിക്കപ്പ് വാഹനം വാങ്ങുന്നതിന് ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ബഹു എം എൽ എ ശ്രീ. പുരുഷൻ കടലുണ്ടിയുടെ പ്രത്യേക വികസന നിധിയിൽ നിന്നും **5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ )** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**അജിത് കുമാർ. എ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീ. പുരുഷൻ കടലുണ്ടി എം.എൽ.എ, തണൽ, തൊണ്ടയാട്, ചേവരമ്പലം പി.ഒ, കോഴിക്കോട് - 17.
5. ജില്ലാ കളക്ടർ, കോഴിക്കോട്.
6. ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [No. NC-B1/155/2018-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**